(സി) റേഷൻ വിതരണരംഗത്തെ ക്രമക്കേടുകൾ കണ്ടുപിടിക്കാൻ നിലവിലുള്ള സംവിധാനം തികച്ചും ഫലപ്രദമാണ്.

(ഡി) ക്രമക്കേടുകൾ നടത്തിയതായി കണ്ടുപിടിക്കപ്പെടുന്ന വ്യാപാരികളുടെ ലൈസൻസ് റദ്ദുചെയ്യുക, ദുർവിനിയോഗം ചെയ്ത റേഷൻസാധനങ്ങളുടെ വില ഈടാക്കുക, ജാമ്യസംഖ്യ കണ്ടുകെട്ടുക തുടങ്ങിയ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സ്വീകരിക്കുന്നതാണ്.

16 (*166) ലോകാരോഗ്യ സംഘടനയിൽനിന്നും സംസ്ഥാന ആരോഗ്യവകുപ്പിന് ലഭിക്കുന്ന സാമ്പത്തികസഹായം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകാരോഗ്യ സംഘടനയിൽനിന്നും സംസ്ഥാന ആരോഗ്യ വകുപ്പിന് രോഗപ്രതിരോധത്തിനും രോഗ നിർമ്മാർജനത്തിനും എന്തെങ്കിലും സാമ്പത്തികസഹായം ലഭിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം രോഗങ്ങളുടെ ചികിത്സയ്ക്ക് വേണ്ടിയാണ് സാമ്പത്തികസഹായം ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ ഇനത്തിൽ 1996-97-മുതൽ 1998-99 മാർച്ച് 31 വരെ ഓരോ ഇനത്തിലും എത്ര തുകവീതം ലഭിച്ചു എന്നു വ്യക്തമാക്കുമോ;

(ഡി) ഓരോ ഇനത്തിലും എന്തു തുക വീതം ഈ കാലഘട്ടത്തിൽ ഓരോ വർഷവും ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) :

(എ) ക്ഷയരോഗ നിർമ്മാർജ്ജന പ്രവർത്തനത്തിനായി രണ്ട് കൺസൾട്ടന്റുമാരുടെ വേതനവും, പോളിയോ നിർമ്മാർജ്ജനത്തിനായി ഒരു നിരീക്ഷണ ഉദ്യോഗസ്ഥന്റെ വേതനവും ലോകാരോഗ്യസംഘടന നൽകി വരുന്നു.

(ബി)-(ഡി) ചികിത്സയ്ക്കായി സഹായം ലഭിക്കുന്നില്ല.

17 (*167) താലൂക്ക് ആശുപത്രികളുടെ വികസനം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് ആശുപത്രികളിൽ ഡോക്ടർമാരുടെ എണ്ണം നിശ്ചയിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നത്;

(ബി) ആശുപത്രികളിൽ വരുന്ന രോഗികളുടെ എണ്ണം കണക്കിലെടുത്താണോ ഡോക്ടർമാരുടെ എണ്ണം നിശ്ചയിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഒരു താലൂക്ക് ആശുപത്രിയിൽ സ്പെഷ്യലൈസ് ചെയ്ത ഏതെല്ലാം വിഭാഗങ്ങൾ നിലവിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) താലൂക്ക് ആശുപത്രികളിലെ മോർച്ചറികളിൽ മൃതദേഹം കൂടുതൽ സമയം സൂക്ഷിക്കാൻ ഫ്രീസർ പോലുള്ള സജ്ജീകരണങ്ങൾ ഒരുക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഹൃദ്രോഗം തുടങ്ങിയ അടിയന്തിര പരിചരണം ലഭിക്കേണ്ട രോഗങ്ങൾക്ക് നൽകേണ്ട ചികിത്സക്ക് ആവശ്യമായ സജ്ജീകരണങ്ങൾ താലൂക്ക് ആശുപത്രികളിലും ലഭ്യമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) :

(എ) 2.8.1961-ലെ ജി.ഒ. (ആർ.ടി) 3150/61 ആ.കു.വ. അനുസരിച്ച് 30 കിടക്കകൾക്ക് ഒരു ഡോക്ടർ, 50 കിടക്കകക്ക് രണ്ട് ഡോക്ടർ, 75 കിടക്കകൾക്ക് മൂന്ന് ഡോക്ടർ; 100 കിടക്കയ്ക്ക് നാല് ഡോക്ടർ, 150 കിടക്കകൾക്ക് അഞ്ച് ഡോക്ടർ, 200 കിടക്കയ്ക്ക് ആറ് ഡോക്ടർ, 300 കിടക്കയ്ക്ക് ഏഴ് ഡോക്ടർ, 400 കിടക്കയ്ക്ക് എട്ട് ഡോക്ടർ എന്ന തോതിലാണ് ഡോക്ടർമാരുടെ എണ്ണം നിശ്ചയിക്കുന്നത്.

(ബി) അല്ല.

(സി) ഡോക്ടർമാരുടെ ലഭ്യതയ്ക്കനുസൃതമായി എല്ലാ പ്രധാനപ്പെട്ട താലൂക്ക് ആശുപത്രികളിലും മേജർ സ്പെഷ്യാലിറ്റി സേവനം (ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, ഗൈനക്കോളജി, സർജറി) ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്.

(ഡി) സാമ്പത്തിക ലഭ്യത അനുസരിച്ച് വിവിധ സൗകര്യങ്ങൾ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരികയാണ്.

(ഇ) ഇപ്പോൾ ജില്ലാ ആശുപത്രിയിൽ ആണ് ഹൃദ്രോഗ വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നത്. സാമ്പത്തിക ലഭ്യത അനുസരിച്ച് ഘട്ടംഘട്ടമായി മറ്റ് ആശുപത്രികളിലും നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

18 (*168) ഗ്ലാസ് സിറിഞ്ചുകളുടെ ഉപയോഗം

ശ്രീ. പി. രാഘവൻ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡിസ്പോസിബിൾ സിറിഞ്ചുകൾക്ക് പകരം ഗ്ലാസ് സിറിഞ്ചുകൾ ഉപയോഗിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സർക്കാർ ആശുപത്രികളിൽ ഉപയോഗിക്കുന്ന സിറിഞ്ചുകളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ എന്തെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly